ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 17.03.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. 18-ാം ലോക്സഭാ തെരഞ്ഞെടുപ്പ് ചൂടിലേക്ക് രാജ്യം ; വോട്ടെടുപ്പ് ഏപ്രിൽ 19 മുതൽ ജൂൺ 1 വരെ ഏഴ് ഘട്ടങ്ങളിലായി ; വോട്ടെണ്ണൽ ജൂൺ നാലിന് ; കേരളത്തിൽ വോട്ടെടുപ്പ് അടുത്ത മാസം 26-ന്.

   **Lok Sabha Polls To Be Held In 7 Phases From April 19 ; Counting Of Votes On June 4; Voting In Kerala On 26th Of Next Month.**

2. മാതൃകാ പെരുമാറ്റച്ചട്ടം ഫലപ്രദമായി നടപ്പാക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് തെരഞ്ഞെടുപ്പ് കമ്മീഷൻറെ നിർദ്ദേശം.

   **The Election Commission has issued directions for effective enforcement of provisions of Model Code of Conduct**

3. രാജ്യത്ത് ജനാധിപത്യത്തിൻറെ ഏറ്റവും വലിയ ഉത്സവം ആരംഭിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി ; രാഹുൽ ഗാന്ധി നയിച്ച ഭാരത് ജോഡോ ന്യായ് യാത്രയുടെ സമാപന സമ്മേളനം ഇന്ന്.

   **PM Narendra Modi said that The biggest festival of democracy has started ; The concluding session of the Bharat Jodo Nyaya Yatra led by Rahul Gandhi is today.**

4. കേരളത്തിൽ റേഷൻ മസ്റ്ററിംഗ് നിർത്തിവെച്ചു ; റേഷൻ വിതരണം സാധാരണ നിലയിൽ തുടരും ; ഇന്ന് റേഷൻകടകൾ പ്രവർത്തിക്കില്ല.

   **Ration mustering suspended in Kerala; Ration distribution will continue as normal; Ration shops will not function today.**

5. വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ്- റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ പോരാട്ടം.
**Delhi Capitals vs Royal Challengers Bangalore today in Women's Premier League Cricket Final.**

&&&&&&&&&&&&&&&&&&&

# HEADLINE – 1

## ELECTION

2024-ലെ ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള തീയതികൾ പ്രഖ്യാപിച്ചതോടെ രാജ്യം തെരഞ്ഞെടുപ്പ് ചൂടിലേക്ക്. ഏഴ് ഘട്ടങ്ങളിലായി നടക്കുന്ന 18-ാം ലോക്സഭാ തെരഞ്ഞെടുപ്പിൻറെ ആദ്യ ഘട്ടം അടുത്തമാസം 19 ന് നടക്കും. ജൂൺ നാലിനാണ് വോട്ടെണ്ണൽ. രണ്ടാംഘട്ടത്തിലാണ് കേരളം ജനവിധി തേടുക. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതോടെ രാജ്യത്ത് മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നു. 543 ലോക് സഭാ സീറ്റുകളിലേക്കുള്ള തെരഞ്ഞെടുപ്പ് തീയതികളാണ് പ്രഖ്യാപിച്ചത്. ഉത്തർപ്രദേശ്, ബിഹാർ, പശ്ചിമബംഗാൾ എന്നിവിടങ്ങളിൽ ഏഴ് ഘട്ടങ്ങളിലും 22 സംസ്ഥാനങ്ങളിൽ ഒറ്റഘട്ടമായും ആണ് വോട്ടെടുപ്പ് നടക്കുക. ആദ്യഘട്ടത്തിൽ 21 സംസ്ഥാനങ്ങളിലെ 102 ലോകസഭാ മണ്ഡലങ്ങൾ വിധിയെഴുതും. തമിഴ്നാട്ടിലെ 39 മണ്ഡലങ്ങളും ഒറ്റഘട്ടമായി **ഏപ്രിൽ** 19-ന് പോളിംഗ് ബൂത്തിലെത്തും. ആന്ധ്രാപദേശ്, തെലങ്കാന എന്നിവടങ്ങളിലും ഒറ്റഘട്ടമായാണ് തെരഞ്ഞെടുപ്പ്. മഹാരാഷ്ട്രയിലും ജമ്മു കശ്മീരിലും 5 ഘട്ടങ്ങളിലും ഒഡീഷ, മധ്യപ്രദേശ്, ഝാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ നാല് ഘട്ടങ്ങളിലും വോട്ടെടുപ്പ് നടക്കും. ഛത്തീസ്ഗഢിലും അസമിലും മൂന്ന് ഘട്ടത്തിലായും കർണാടക, രാജസ്ഥാൻ, ത്രിപുര, മണിപൂർ എന്നിവിടങ്ങളിൽ രണ്ട് ഘട്ടങ്ങളിലായുമാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്. അവസാന ഘട്ട വോട്ടെടുപ്പ് **ജൂൺ 1-നാണ്.** ഏപ്രിൽ 26, മെയ് 7, മെയ് 13, മെയ് 20, മെയ് 25 എന്നിങ്ങനെയാണ് മറ്റ് ഘട്ടങ്ങളിലെ വോട്ടെടുപ്പ്.

******************************

## ELECTION-COMMISSIONER

രാജ്യം തെരഞ്ഞെടുപ്പിന് പൂർണ്ണസജ്ജമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ പറഞ്ഞു. എല്ലാ സംസ്ഥാനങ്ങളിലും തെരഞ്ഞെടുപ്പ് കമ്മീഷൻ സന്ദർശനം നടത്തി ഒരുക്കങ്ങൾ വിലയിരുത്തി. ***തെരഞ്ഞെടുപ്പ് കാലം രാജ്യത്തിന്റെ അഭിമാനം*** എന്നതാണ് ഈ തെരഞ്ഞെടുപ്പിന്റെ മുദ്രാവാക്യമെന്നും ശ്രീ രാജീവ്കുമാർ പറഞ്ഞു. എല്ലാ വോട്ടർമാരും തെരഞ്ഞെടുപ്പിൽ പങ്കാളികളാകണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

*******************************

## HEADLINE – 2
## ECI- MCC (INTRO)

ലോക്സഭാ തെരഞ്ഞെടുപ്പും നാല് സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പുകളും പ്രഖ്യാപിച്ചതിന് പിന്നാലെ മാതൃകാ പെരുമാറ്റച്ചട്ടം ഫലപ്രദമായി നടപ്പാക്കാൻ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം നൽകി. കാബിനറ്റ് സെക്രട്ടറി, സംസ്ഥാന ചീഫ് സെക്രട്ടറിമാർ, ചീഫ് ഇലക്ടറൽ ഓഫീസർമാർ എന്നിവർക്ക് ഇത് സംബന്ധിച്ച് കമ്മീഷൻ കത്തയച്ചു.

**വിശദാംശങ്ങളിലേക്ക്....**

(വോയിസ്)

*സർക്കാർ ഉടമസ്ഥതയിൽ ഉള്ള വസ്തുക്കളിൽ പതിച്ചിട്ടുള്ള പോസ്റ്ററുകൾ, ബാനറുകൾ, അപകീർത്തിപ്പെടുത്തുന്ന തരത്തിലുള്ള ചുവരെഴുത്തുകൾ തുടങ്ങിയവ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച് 24 മണിക്കൂറിനുള്ളിൽ നീക്കം ചെയ്യണമെന്നാണ് ചട്ടം.*

*പൊതുമുതൽ, റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാൻഡുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിലെ ചുവരെഴുത്ത് അല്ലെങ്കിൽ പോസ്റ്ററുകൾ, ഹോർഡിംഗുകൾ, പതാകകൾ തുടങ്ങിയ എല്ലാ അനധികൃത രാഷ്ട്രീയ പരസ്യങ്ങളും 48 മണിക്കൂറിനുള്ളിലും സ്വകാര്യ വസ്തുവിൽ പ്രദർശിപ്പിച്ചിട്ടുള്ളവ 72 മണിക്കൂറിനുള്ളിലും നീക്കം ചെയ്യണമെന്ന് കേന്ദ്ര തെരെഞ്ഞെടുപ്പ് കമ്മീഷൻ സംസ്ഥാനങ്ങൾക്ക് നിർദേശം നൽകി. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഔദ്യോഗിക ചുമതലകൾ നിർവഹിക്കുന്ന ഉദ്യോഗസ്ഥർ ഒഴികെ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയോ സ്ഥാനാർത്ഥിയോ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും വ്യക്തിയോ ഔദ്യോഗിക വാഹനം ഉപയോഗിക്കുന്നതിന് പൂർണ്ണമായ നിരോധനം ഉണ്ടായിരിക്കും. പൊതു ഖജനാവിൻറെ ചെലവിൽ സർക്കാരിൻറെ നേട്ടങ്ങൾ ഉയർത്തിക്കാട്ടുന്ന പരസ്യങ്ങൾ ഇലക്ട്രോണിക്, അച്ചടി മാധ്യമങ്ങളിൽ നൽകരുതെന്നും മാതൃകാ പെരുമാറ്റച്ചട്ടം സംബന്ധിച്ച ഉത്തരവിൽ കേന്ദ്ര തെരെഞ്ഞെടുപ്പ് കമ്മീഷൻ വ്യകതമാക്കി. ഇത് സംബന്ധിച്ച പരാതി പരിഹാരത്തിനായി 1950 എന്ന ടോൾ ഫ്രീ നമ്പർ സേവനവും തെരഞ്ഞെടുപ്പ് കമ്മീഷൻ സജ്ജമാക്കിയിട്ടുണ്ട്.*

***ന്യൂസ് ഡെസ്ക് ആകാശവാണി....***

**********************************

## ELECTION -INFO-2

ലോക് സഭാ തെരഞ്ഞെടുപ്പിൽ ഇത്തവണ രാജ്യത്ത് സമ്മതിദാനവകാശം വിനിയോഗിക്കുക **97 കോടി വോട്ടർമാർ. പത്തരലക്ഷം** പോളിംഗ് ബൂത്തുകളാണ് തെരഞ്ഞെടുപ്പിനായി സജ്ജമായിരിക്കുന്നത്**. 1.82** കോടി കന്നിവോട്ടർമാരുണ്ട്**. 48,000** ട്രാൻസ്ജെൻഡർമാർക്കാണ് ഇക്കുറി വോട്ടവകാശം ഉള്ളത്**.** 85 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കും ഭിന്നശേഷിക്കാർക്കും **വോട്ട് ഫ്രം ഹോം** വിനിയോഗിക്കാം**.**

**KNOW YOUR CANDIDATE** ആപ്പിലൂടെ സ്ഥാനാർത്ഥികളുടെ വിവരങ്ങൾ ലഭ്യമാക്കും. സ്ഥാനാർത്ഥികളുടെ ക്രിമിനൽ കേസുകളുടെ വിവരങ്ങളടക്കം ജനങ്ങൾക്ക് അറിയാൻ സാധിക്കും. പ്രശ്ന ബാധിത പ്രശ്നസാധ്യത ബൂത്തുകളിൽ വെബ് കാസ്റ്റിംഗ് സജ്ജീകരിച്ചിട്ടുണ്ട്. ഓൺലൈൻ പണമിടപാടുകളുൾപ്പെടെ നിരീക്ഷിക്കാൻ നിർദ്ദേശമുണ്ട്. വ്യാജ വാർത്തകൾക്കെതിരെ കർശന നടപടിയുണ്ടാകും. ജില്ലകളിൽ സുരക്ഷ സംവിധാനങ്ങൾക്ക് മുഴുവൻസമയ കൺട്രോൾ റൂം തുറക്കും.

*******************************

## ELECTION GENERAL

18 ആം ലോക്സഭയിലേക്കുള്ള തെരഞ്ഞെടുപ്പിലേക്കുള്ള ചിത്രം തെളിഞ്ഞതോടെ പ്രചാരണം ഊർജ്ജിതമാക്കി വിവിധ രാഷ്ട്രീയ കക്ഷികൾ. ആദ്യഘട്ട വോട്ടെടുപ്പിന് ഇനി കേവലം 32 ദിവസങ്ങൾ മാത്രമാണുള്ളത്. സ്ഥാനാർത്ഥി പ്രഖ്യാപനം പൂർത്തിയാക്കാനും പരമാവധി പ്രചാരണ പരിപാടികൾ ആസൂത്രണം ചെയ്യാനുമുള്ള തിരക്കിലാണ് രാഷ്ട്രീയ പാർട്ടികൾ. കേന്ദ്രത്തിൽ മൂന്നാമതും ഭരണ തുടർച്ച ലക്ഷ്യമിട്ട് ബിജെപിയുടെ നേതൃത്വത്തിൽ എൻഡിഎയും, കൈവിട്ട ഭരണം തിരികെ പിടിക്കാൻ കോൺഗ്രസിന്റെ നേതൃത്വത്തിൽ ഐ എൻ ഡി ഐ സഖ്യവും ശ്രമങ്ങൾ ഊർജ്ജിതമാക്കി. പശ്ചിമ ബംഗാളിൽ ഒറ്റയ്ക്ക് മത്സരിക്കുന്ന തൃണമൂൽ കോൺഗ്രസും, പഞ്ചാബ് സർക്കാർ ഭരിക്കുന്ന ആം ആദ്മി പാർട്ടിയും, മായാവതിയുടെ ബഹുജൻ സമാജവാദി പാർട്ടിയുമെല്ലാം തങ്ങളുടെ ഭാഗധേയം ഉറപ്പിക്കാനുള്ള തിരക്കിലാണ്. ഐ എൻ ഡി ഐ സഖ്യ രൂപീകരണത്തിൽ മുന്നിട്ടുനിന്ന നിതീഷ് കുമാറിന്റെ നേതൃത്വത്തിലുള്ള ജെഡി(യു), എൻഡിഎ സഖ്യത്തിലേക്ക് തിരികെ എത്തിയതും, സമാജ് വാദി പാർട്ടി, സിപിഐ(എം), സിപിഐ, ഡിഎംകെ,

തുടങ്ങി രാഷ്ട്രീയപാർട്ടികളുടെ വോട്ട് വിഹിതവും എല്ലാം ദേശീയ രാഷ്ട്രീയത്തെ എങ്ങനെ സ്വാധീനിക്കും എന്നറിയാനാൻ ജൂൺ 4 വരെ കാത്തിരിക്കേണ്ടി വരും.

*******************************

## HEADLINE – 3
## PM ON ELECTION DATES

ലോക്സഭാ തെരഞ്ഞെടുപ്പ് തീയതികൾ പ്രഖ്യാപിച്ചതോടെ രാജ്യത്ത് ജനാധിപത്യത്തിൻറെ ഏറ്റവും വലിയ ഉത്സവം ആരംഭിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ഈ തെരഞ്ഞെടുപ്പിനെ നേരിടാൻ എൻഡിഎ പൂർണ്ണ സജ്ജമാണെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ഭരണ മികവ് മുൻ നിർത്തിയാണ് ജനങ്ങളുടെ ഇടയിലേക്ക് പോകുന്നതെന്നും ശ്രീ നരേന്ദ്രമോദി വ്യക്തമാക്കി.

*******************************

## PM NDA ANDHRA MEETING

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ആന്ധ്രാപ്രദേശിൽ എൻഡിഎ തെരഞ്ഞെടുപ്പ് യോഗത്തിൽ പങ്കെടുക്കും. 2024-ലെ തെരഞ്ഞെടുപ്പിന് മുന്നോടിയായി ആന്ധ്രാപ്രദേശിൽ നടക്കുന്ന എൻഡിഎയുടെ ആദ്യ തിരഞ്ഞെടുപ്പ് യോഗമാണിത്. ടിഡിപി നേതാവ് എൻ ചന്ദ്രബാബു നായിഡു, ജനസേനാ നേതാവ് പവൻ കല്യൺ എന്നിവരും യോഗത്തിൽ പങ്കെടുക്കും.

*******************************

## HEADLINE – 3A
## BHARATH JODO NYAY YAATRA

കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി നയിച്ച ഭാരത് ജോഡോ ന്യായ് യാത്രയുടെ സമാപന സമ്മേളനം ഇന്ന്. മുംബൈ ശിവാജി പാർക്കിൽ നടക്കുന്ന സമാപന സമ്മേളനത്തിലും മെഗാ റാലിയിലും നിരവധി നേതാക്കൾ പങ്കെടുക്കും. യാത്രയുടെ പര്യടനം ഇന്നലെ മുംബൈയിൽ സമാപിച്ചു. അംബേദ്കർ സ്മൃതി മണ്ഡപ് ഭൂമിയിലാണ് യാത്ര അവസാനിപ്പിച്ചത്. മണിപ്പൂരിൽ ജനുവരി 14 ന് ആരംഭിച്ച യാത്ര 15 സംസ്ഥാനങ്ങളിലൂടെയാണ് കടന്നു പോയത്.

******************************

## HEADLINE – 1A
## ELECTION -KERALA

കേരളം അടുത്തമാസം 26-ന് പോളിംഗ് ബൂത്തിലേക്ക്. ലോകസഭ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതോടെ സംസ്ഥാനത്തെ മുന്നണികളുടെ പ്രചരണത്തിന് ചൂടേറി. തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിലാണ് കേരളം വിധിയെഴുതുന്നത്. ഈ മാസം 28-ന് സംസ്ഥാനത്ത് തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കും. ഏപ്രിൽ നാലിനാണ് നാമ നിർദ്ദേശപത്രിക സമർപ്പണം ആരംഭിക്കുന്നത്. ഏപ്രിൽ എട്ടാണ് അവസാന തീയതി. അടുത്തമാസം അഞ്ചിന് പത്രികകളുടെ സൂക്ഷ്മ പരിശോധന നടക്കും.

******************************

## ASSEMBLY-ELECTIONS

ലോകസഭാ തെരഞ്ഞെടുപ്പിനൊപ്പം നാല് സംസ്ഥാനങ്ങളിൽ നിയമസഭാ തെരഞ്ഞെടുപ്പും 26 നിയമസഭാ മണ്ഡലങ്ങളിൽ

ഉപതെരഞ്ഞെടുപ്പും നടക്കും. ആന്ധ്രപ്രദേശിൽ മെയ് 13 നും സിക്കിം, അരുണാചൽപ്രദേശ് എന്നിവിടങ്ങളിൽ ഏപ്രിൽ 19 നുമാണ് വോട്ടെടുപ്പ്. ഒഡിഷയിൽ മെയ് 20, 25 ജൂൺ 1 എന്നിങ്ങനെ മൂന്നുഘട്ടങ്ങളിലായാണ് നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുന്നത്.

******************************

## PM-SUMMIT

ആഗോള തലത്തിൽ അസ്ഥിരതകൾ തുടരമ്പോഴും ഇന്ത്യ അതിവേഗം വളരുന്നത് തുടരുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിൽ ഇന്ത്യാ ടുഡേ കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സമയപരിധി നിശ്ചിയിച്ചുകൊണ്ട് അതിവേഗം പ്രവർത്തിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. രാജ്യത്തെ 600 ജില്ലകളിലും സ്റ്റാർട്ടപ്പുകൾ വ്യാപിച്ചു കിടക്കുന്നതായും യുവാക്കളാണ് ഇതിന് നേതൃത്വം നൽകുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു. ചെറു നഗരങ്ങളിലെ യുവാക്കളുടെ മഹത്തായ വിജയമാണ് രാജ്യത്തിൻറെ സ്റ്റാർട്ടപ്പ് വിപ്ലവത്തെ നയിക്കുന്നതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

******************************

## RAJNATH-NAVY HEADQUARTERS

ഇന്ത്യൻ നാവികസേനയുടെ പുതിയ ആസ്ഥാനമന്ദിരം - നൗസേന ഭവൻ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു. സൗരോർജ്ജ ഉൽപ്പാദന സംവിധാനങ്ങളും നൂതന സാങ്കേതികവിദ്യകളും സംയോജിപ്പിച്ച് ഊർജ്ജ-ജല സംരക്ഷണത്തിനായി പ്രത്യേക സൗകര്യങ്ങളൊരുക്കിയാണ് നൗസേന ഭവന്റെ രൂപകൽപന. ഓക്സിഡേഷൻ പ്ലാസ്മ സാങ്കേതികവിദ്യ ഉപയോഗിച്ച് സെൻട്രൽ

ഹീറ്റിംഗ്, വെന്റിലേഷൻ, എയർ കണ്ടീഷനിംഗ് സിസ്റ്റം എന്നിവയും നൗസേന ഭവനിലുണ്ട്.

******************************

# HEADLINE – 4

## RATION MUSTERING

റേഷൻ മസ്റ്ററിംഗുമായി ബന്ധപ്പെട്ട സാങ്കേതിക തകരാറുകൾ പരിഹരിക്കുന്നതിന് എൻ.ഐ.സിയ്ക്കും ഐ.ടി മിഷനും കൂടുതൽ സമയം വേണ്ടിവരുന്നതിനാൽ കേരളത്തിലെ റേഷൻ മസ്റ്ററിംഗ് നിർത്തി വെയ്ക്കുന്നതായി മന്ത്രി ജി ആർ അനിൽ. റേഷൻവിതരണം എല്ലാ കാർഡുകൾക്കും സാധാരണനിലയിൽ നടക്കും. സാങ്കേതിക തകരാർ പൂർണ്ണമായും പരിഹരിച്ചതായി എൻ.ഐ.സി യും ഐ.ടി മിഷനും അറിയിച്ചതിനുശേഷം മാത്രമേ മസ്റ്ററിംഗ് പുനരാരംഭിക്കുകയുള്ളൂ. എല്ലാ മുൻഗണനാകാർഡ് അംഗങ്ങൾക്കും മസ്റ്ററിംഗ് ചെയ്യുന്നതിനാവശ്യമായ സമയവും സൗകര്യവും ഒരുക്കുമെന്നും ഇതുസംബന്ധിച്ച് ആശങ്കവേണ്ടെന്നും മന്ത്രി അറിയിച്ചു. ഇന്ന് റേഷൻകടകൾക്ക് അവധിയായിരിക്കും. സബ്സിഡി സാധനങ്ങൾ സപ്ലൈകോ വില്പനശാലകളിലെത്തിക്കാൻ നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ മാസം അവസാനത്തോടെ എല്ലാ സബ്സിഡി ഇനങ്ങളും സപ്ലൈകോ ഔട്ട് ലെറ്റുകളിൽ എത്തുമെന്നും മന്ത്രി അറിയിച്ചു.

******************************

## 108 AMBULANCE

കനിവ് 108 ആംബുലൻസിന്റെ സേവനം ശക്തമാക്കുന്നതിന്റെ ഭാഗമായി സജ്ജമാക്കിയ പുതിയ മൊബൈൽ അപ്ലിക്കേഷന്റെ ട്രയൽ റൺ ആരംഭിച്ചതായി മന്ത്രി വീണാ ജോർജ്. 108 ആംബുലൻസിന്റെ സേവനം മൊബൈൽ വഴി

ലഭ്യമാകുന്ന തരത്തിലാണ് ആപ്പ് രൂപകൽപന ചെയ്തിരിക്കുന്നത്. നിലവിൽ 108 എന്ന നമ്പരിലേക്ക് വിളിക്കുമ്പോൾ മാത്രമാണ് സേവനം ലഭിക്കുന്നത്.

******************************

## HEADLINE – 5

## WPL

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിനെ നേരിടും. രാത്രി 7.30 ന് ഡൽഹി അരുൺ ജയ്റ്റ്ലി സ്റ്റേഡിയത്തിലാണ് മത്സരം. സ്മൃതി മന്ഥാനയാണ് റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിനെ നയിക്കുന്നത്. മഗ് ലാനിങ്ങാണ് ഡൽഹി ക്യാപിറ്റൽസിനെ നയിക്കുന്നത്. മലയാളിയായ മിന്നു മണി ഡൽഹിക്കു വേണ്ടിയും, ആശാ ശോഭന ബാംഗ്ലൂരിന് വേണ്ടിയും മത്സരിക്കും.

******************************

## BANDMINTON

ഓൾ ഇംഗ്ലണ്ട് ബാഡ്മിൻറൺ ചാമ്പ്യൻഷിപ്പ് പുരുഷ സിംഗിൾസ് സെമിയിൽ ഇന്ത്യയുടെ ലക്ഷ്യാ സെന്നിന് പരാജയം. ഇന്തോനേഷ്യയുടെ ജൊനാഥിന് ക്രിസ്റ്റിയോട് ഒന്നിനെതിരെ രണ്ട് സെറ്റുകൾക്കാണ് ലക്ഷ്യ പരാജയപ്പെട്ടത്.

******************************

## WEATHER KERALA

കേരളത്തിൽ കനത്ത ചൂട് തുടരുന്നു. 10 ജില്ലകളിൽ ഈ മാസം 20 വരെ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നിർദ്ദേശം പുറപ്പെടുവിച്ചു. പാലക്കാട്, കൊല്ലം ജില്ലകളിൽ

ഉയർന്ന താപനില 39 ഡിഗ്രി സെൽഷ്യസ് വരെയും ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ ഉയർന്ന താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും കോട്ടയം, പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും തിരുവനന്തപുരം, എറണാകുളം, കണ്ണൂർ ജില്ലകളിൽ താപനില 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ടെന്ന് അറിയിച്ചു.

*******************************

## AMNESTY PARK

പാക്കിസ്ഥാനിൽ സമൂഹ മാധ്യമമായ എക്സ് ഉടൻ പുനസ്ഥാപിക്കണമെന്ന് മനുഷ്യാവകാശ സംഘടനയായ ആംനസ്റ്റി ഇൻ്റർനാഷണൽ. ഫെബ്രുവരി 17 മുതലാണ് പാക്കിസ്ഥാനിൽ എക്സിൻ്റെ പ്രവർത്തനം നിരോധിച്ചത്. ഇൻ്റർനെറ്റ് ഷട്ട്ഡൗൺ, സമൂഹമാധ്യമ പ്ലാറ്റ്ഫോമുകൾ നിരോധിക്കുക തുടങ്ങയവ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നും ഇത്തരം തീരുമാനങ്ങൾ ഏകപക്ഷീയമാണെന്നും ആംനസ്റ്റി പ്രസ്താവനയിൽ പറഞ്ഞു.

*

************

************************************************